LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാർത്ഥികളിലും യുവജനങ്ങളിലുമുള്ള മദ്യാസക്തിയെ വളരെ ഗൗരവപൂർവ്വമാണ് സർക്കാർ കാണുന്നത്. മദ്യത്തിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളേയും യുവാക്കളേയും പൊതുജനങ്ങളേയും ബോധവാൻമാരാക്കാൻ എക്സൈസ് വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1467 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ്തലത്തിൽ 194 ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എല്ലാ സ്കൂളുകളിലും കോളേജുകളിലും ഇത്തരത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾതലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും കോളേജ്തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7, 8 ക്ലാസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഹയർ സെക്കന്ററി ഒന്നാം വർഷ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കിടയിൽ മദ്യ-മയക്കുമരുന്നിനെതിരെയുള്ള ബോധവൽക്കരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി എഫ്.എം. റേഡിയോ, സി.സി.ടി.വി., ടി.വി. ചാനലുകൾ, മാസികകൾ എന്നിവവഴിയുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, കൂട്ടഓട്ടം, സെമിനാർ, ലഘുലേഖ വിതരണം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, മാജിക് ഷോ തുടങ്ങിയ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രമുഖ റെയിൽവേസ്റ്റേഷനുകളിലും ബസ്സ്റ്റാന്റുകളിലും ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരസ്യങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി. ബസ്സിന്റെ സൈഡ് പാനലുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പോസ്റ്റർ പതിച്ച് പ്രചരിപ്പിക്കുന്നുണ്ട്.

(സി) ഇത്തരം പ്രവർത്തനങ്ങളിൽ നിലവിൽ സന്നദ്ധ സംഘടനകളുടേയും സർക്കാർ മാധ്യമങ്ങളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്.

ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി

100 (104) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) മിഷൻ 676-ൽ "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി സാക്ഷാത്കരിക്കുന്നതിനായി ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസമത്സരം, പ്രസംഗമത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(സി&ഡി) ലഹരി വിമുക്ത കേരളം- ഐശ്വര്യ കേരളം പദ്ധതി സംബന്ധിച്ച രൂപരേഖ തയ്യാറാക്കുകയും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ്സ് ഏർപ്പെടുത്തിയ തുകയിൽനിന്നും കണ്ടെത്തുവാൻ തീരുമാനിച്ചു "ലഹരി വിമുക്ത കേരളം-ഐശ്വര്യ കേരളം പദ്ധതി" എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 'പുനർജ്ജനി 2030' എന്ന സമഗ്ര പദ്ധതിക്ക് രൂപം നൽകുകയും ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ എക്സൈസ് കമ്മീഷണറോട് ആവശ്യപ്പെടുകയും ആയതിന് വേണ്ട നടപടികൾ കൈക്കൊണ്ട് വരികയും ചെയ്യുന്നു. നിലവിൽ എക്സൈസ് വകുപ്പിന് ബഡ്ജറ്റ് പ്രൊവിഷനിൽ അനുവദിച്ച തുക വിനിയോഗിച്ച് ശക്തവും നൂതനവുമായ വിവിധതരത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly